# തുർക്കിയിലെ ജനവിധി

കുറിപ്പുകൾ ◆ നാസ്വിഹ്

**തുർക്കി** പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇസ്‌ലാമികാഭിമുഖ്യമുള്ള ജസ്റ്റിസ് ആന്റ് ഡെവലപ്മെന്റ് പാർട്ടി (എ.കെ പാർട്ടി) നേടിയ വിജയം തുർക്കിയുടെ ചരിത്രത്തിലെ മറ്റൊരു നിർണായക സംഭവമാണ്. എ.കെ പാർട്ടി നേതാവും പ്രധാനമന്ത്രിയുമായ റജബ് ത്വയ്യിബ് ഉർദുഗാൻ അഭിപ്രായപ്പെട്ടതുപോലെ, തുർക്കിജനാധിപത്യം ഒരു പരീക്ഷണത്തെ വിജയകരമായി മറികടന്നിരിക്കുകയാണ്.

തെരഞ്ഞെടുപ്പുഫലം പ്രതിപക്ഷകക്ഷികൾക്ക് പുറമെ സൈന്യത്തിനും കനത്ത തിരിച്ചടിയാണ്. സൈന്യവും സെക്യുലർ, ദേശീയ പ്രതിപക്ഷ പാർട്ടികളും ഒത്തുകളിച്ച് പ്രസിഡന്റ് തെരഞ്ഞെടുപ്പ് അട്ടിമറിച്ചതിനോടുള്ള തുർക്കി ജനതയുടെ പ്രതികരണം കൂടി പാർലമെന്റ് തെരഞ്ഞെടുപ്പ് ഫലത്തിൽ പ്രകടമാണ്. എ.കെ പാർട്ടിയുടെ അബ്ദുല്ല ഗുൽ പ്രസിഡന്റാകാൻ അനുവദിക്കില്ലെന്നുറച്ച് പ്രതിപക്ഷ കക്ഷികൾ ബഹിഷ്കരണത്തിലൂടെ തെരഞ്ഞെടുപ്പ് അട്ടിമറിച്ചപ്പോൾ ഉർദുഗാന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ രാജിവെച്ച് നാലു മാസം കഴിഞ്ഞ് നടക്കേണ്ടിയിരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിന് വഴിയൊരുക്കുകയായിരുന്നു. ദേശീയ, തീവ്ര സെക്യുലർ കക്ഷികളുടെ സ്ഥാനാർഥികൾ ഒരർഥത്തിൽ സൈന്യത്തിന്റെ പ്രതിനിധികൾ കൂടിയായിരുന്നു. അവരിൽ ഭൂരിപക്ഷത്തെയും തോൽപിച്ചുവിട്ടതിലൂടെ സൈന്യത്തോടുകൂടി കണക്കുതീർക്കുകയായിരുന്നു തുർക്കിജനത.

സൈനികമേധാവികളുടെ മേലാള മനോഭാവത്തെയും മതേതര തീവ്രവാദത്തെയും തുർക്കിജനത നിരാകരിച്ചുവെന്നാണ് തെരഞ്ഞെടുപ്പു ഫലം തെളിയിക്കുന്നത്. അടിച്ചേൽപിക്കപ്പെട്ട, ഭ്രാന്തോളമെത്തുന്ന മതവിരുദ്ധതയിൽ അധിഷ്ഠിതമായ കമാലിസത്തെ ബഹുഭൂരിപക്ഷം തുർക്കികൾ എന്നോ കൈയൊഴിഞ്ഞതാണ്. പക്ഷേ, സൈനിക മേധാവികളും ഒന്നു രണ്ട് രാഷ്ട്രീയ പാർട്ടികളും ഇപ്പോഴും അതിന്റെ പ്രേതം പേറി നടക്കുകയാണ്. ഓഫീസുകളിലും കോളേജുകളിലും സ്ത്രീകൾ തല മറയ്ക്കുന്നതുപോലും കുറ്റകൃത്യമാക്കിയ സെക്യുലർ തീവ്രവാദത്തിന് ജനങ്ങളുടെ അംഗീകാരമില്ലെന്ന് ഒരിക്കൽകൂടി തെളിഞ്ഞിരിക്കുന്നു. സൈനികശക്തിയുടെ പിൻബലത്തോടെ അടിച്ചേൽപിച്ചാലല്ലാതെ തുർക്കിയിൽ ഇനി കമാലിസത്തിന് നിലനിൽപില്ല.

മൂന്നിൽ രണ്ട് ഭൂരിപക്ഷം നേടാൻ കഴിഞ്ഞില്ലെങ്കിലും എ.കെ പാർട്ടി കഴിഞ്ഞ തവണത്തേതിനേക്കാൾ 13 ശതമാനം വോട്ട് കൂടുതൽ നേടിയിട്ടുണ്ട്. മൊത്തം വോട്ടിന്റെ 47 ശതമാനം പാർട്ടിക്ക് ലഭിച്ചു. 1969-നു ശേഷം ഒരു പാർട്ടിക്ക് ലഭിക്കുന്ന പരമാവധി വോട്ടാണിത്. എങ്കിലും സീറ്റുകൾ കഴിഞ്ഞ തവണത്തേതിനേക്കാൾ അൽപം കുറഞ്ഞിട്ടുണ്ട്. 550-ൽ 347 സീറ്റ് എ.കെ പാർട്ടിക്ക് ലഭിച്ചു. രണ്ടാം സ്ഥാനത്തുള്ള തീവ്രമതേതരകക്ഷിയായ റിപ്പബ്ലിക്കൻ പീപ്പ്ൾസ് പാർട്ടി (സി.എച്ച്.പി)ക്ക് 20.8 ശതമാനം വോട്ടും 112 സീറ്റുമാണ് ലഭിച്ചത്. വലതു ദേശീയ

കക്ഷിയായ നാഷ്നലിസ്റ്റ് ആക്ഷൻ പാർട്ടി (എം.എച്ച്.പി)ക്കാണ് മൂന്നാം സ്ഥാനം. 71 സീറ്റ് ലഭിച്ച ഈ പാർട്ടിക്ക് 14.2 ശതമാനം വോട്ടാണ് നേടാൻ കഴിഞ്ഞത്. നജ്മുദ്ദീൻ അർബകാന്റെ സആദ പാർട്ടിയടക്കമുള്ള മറ്റു കക്ഷികൾക്കൊന്നും പാർലമെന്റ് പ്രവേശനത്തിനു മിനിമം വേണ്ട 10 ശതമാനം വോട്ട് ലഭിച്ചിട്ടില്ല. സആദ പാർട്ടിക്ക് 2.34 ശതമാനം വോട്ട് മാത്രമേ നേടാൻ കഴിഞ്ഞുള്ളൂ. വിജയിച്ച 28 സ്വതന്ത്രരിൽ 27 പേർ കുർദുകളാണെന്നത് ഈ തെരഞ്ഞെടുപ്പിന്റെ പ്രത്യേകതയാണ്.

സൈന്യത്തിന്റെ അധികാരകൈയേറ്റത്തോടും മതേതര തീവ്രവാദത്തോടുമുള്ള എതിർപ്പിനു പുറമെ ജനകീയ പരിപാടികളും എ.കെ പാർട്ടിയെ തെരഞ്ഞെടുപ്പിൽ തുണച്ചു. പാവപ്പെട്ടവർക്ക് സൗജന്യമായി ആരോഗ്യസേവനവും താമസസൗകര്യവും ലഭ്യമാക്കുകയും പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുകയും ചെയ്തതിലൂടെ സാധാരണക്കാരുടെ വോട്ട് പാർട്ടിക്ക് വൻതോതിൽ ലഭിക്കുകയുണ്ടായി. ഉർദുഗാന്റെ സാധാരണക്കാരുമായുള്ള ബന്ധവും അവരെ എ.കെ പാർട്ടിയോടടുപ്പിച്ചു. സാമ്പത്തിക പരിഷ്കാരങ്ങൾ ഉയർത്തിപ്പിടിച്ചതിലൂടെ മധ്യ-ഉപരിവർഗ വോട്ടുകളും ആകർഷിക്കാൻ കഴിഞ്ഞു. സാമ്പത്തിക ഉദാരീകരണത്തിലൂടെയും വിദേശനയത്തിലെ സഹകരണത്തിലൂടെയും ഉർദുഗാന് അമേരിക്കയുടെയും യൂറോപ്യൻ രാജ്യങ്ങളുടെയും പ്രീതിയാർജിക്കാൻ കഴിഞ്ഞതാവണം തുർക്കി പട്ടാളമേധാവികളെ അട്ടിമറിയിൽനിന്ന് തടഞ്ഞുനിർത്തിയത്.

തെരഞ്ഞെടുപ്പിൽ ജയിച്ചെങ്കിലും ഉർദുഗാൻ പല പ്രതിസന്ധികളും നേരിടാനുണ്ട്. പ്രസിഡന്റ് തെരഞ്ഞെടുപ്പാണ് പ്രധാന പ്രശ്നം. മൂന്നിൽ രണ്ട് ഭൂരിപക്ഷമില്ലാത്തതിനാൽ പട്ടാളമേധാവികളെയും പ്രതിപക്ഷ കക്ഷികളെയും പിണക്കി മുന്നോട്ടുപോകാനാവില്ല. പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ മൂന്നിൽ രണ്ട് പാർലമെന്റംഗങ്ങൾ സഭയിൽ ഹാജരാവേണ്ടതുണ്ട്. കഴിഞ്ഞ തവണയും എ.കെ. പാർട്ടിക്ക് മൂന്നിൽ രണ്ട് ഭൂരിപക്ഷമുണ്ടായിരുന്നില്ല. പ്രതിപക്ഷം ബഹിഷ്കരണത്തിലൂടെ തെരഞ്ഞെടുപ്പ് അസാധുവാക്കുകയായിരുന്നു. പ്രസിഡന്റ് പദത്തിന് തന്റെ പാർട്ടിക്ക് ലഭിച്ച അവകാശം ഉർദുഗാൻ കൈയൊഴിക്കാൻ സാധ്യതയില്ല. ജനവിധി എതിരായതിനാൽ എ.കെ പാർട്ടിക്ക് പ്രസിഡന്റ് സ്ഥാനം നിഷേധിക്കാനുള്ള കുരുട്ടുവിദ്യകൾ ഇത്തവണ പട്ടാള മേധാവികൾ ആവർത്തിക്കുകയില്ലെന്നു പ്രതീക്ഷിക്കാം. എങ്കിലും എ.കെ പാർട്ടി ചില വിട്ടുവീഴ്ചകൾക്ക് വഴങ്ങേണ്ടിവരും. ഗുല്ലിനു പകരം മറ്റൊരാളെ മത്സരിപ്പിച്ചേക്കാം. സൈനിക മേധാവികളെ നിയമിക്കാനുള്ള അധികാരം പ്രസിഡന്റിനായതിനാൽ എ.കെ പാർട്ടിയുടെ പ്രതിനിധി പ്രസിഡന്റാകുന്നത് സൈന്യം ഭീതിയോടെയാണ് കാണുന്നത്.

കുർദു പ്രശ്നമാണ് മറ്റൊരു തലവേദന. വടക്കൻ ഇറാഖ് കേന്ദ്രീകരിച്ച് വിഘടന പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന കുർദ് പോരാളികളെ സൈനികമായി നേരിടാനാണ് ദേശീയവാദികൾ മുറവിളി കൂട്ടുന്നത്. എ.കെ പാർട്ടി അവരോട് സൗമനസ്യം കാണിക്കുകയാണെന്നും അവർ ആരോപിക്കുന്നു. കുർദുകൾക്കെതിരായ സൈനിക നടപടികൾ അമേരിക്കയുടെയും യൂറോപ്പിന്റെയും വിമർശനത്തിനടയാക്കും. ഒന്നു രണ്ട് വർഷമായി അക്രമപ്രവർത്തനങ്ങൾ വർധിപ്പിച്ചിരിക്കുന്ന കുർദിസ്താൻ വർക്കേഴ്സ് പാർട്ടി (പി.കെ.കെ)യെ നിയന്ത്രിച്ചില്ലെങ്കിലും പ്രശ്നമാണ്. കുർദ് വംശജരായ 27 സ്വതന്ത്രർ ജയിച്ചിട്ടുള്ളതിനാൽ കുർദ്മേഖലയിൽ അത് വികസന പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കാനും ഗവൺമെന്റുമായുള്ള അവരുടെ ബന്ധം മെച്ചപ്പെടാനും സാധ്യതയുണ്ട്. യൂറോപ്യൻ യൂനിയൻ പ്രവേശനത്തിനുള്ള നിബന്ധനകൾ പൂർത്തിയാക്കാൻ തുർക്കി ഇനിയും ശ്രമിക്കണമെന്ന പല്ലവിയാണ് യൂറോപ്യൻ നേതാക്കൾ ആവർത്തിക്കുന്നതെങ്കിലും എ.കെ പാർട്ടിയുടെ വിജയം ഇക്കാര്യത്തിൽ തുർക്കികൾക്ക് പ്രതീക്ഷ പകരുന്നുണ്ട്. ഭരണഘടനാ ഭേദഗതിയിലൂടെ സൈന്യത്തിന്റെ കടന്നുകയറ്റം നിയന്ത്രിക്കലും തെരഞ്ഞെടുപ്പു പ്രക്രിയ പരിഷ്കരിക്കലും ഉർദുഗാന്റെ ലക്ഷ്യമാണെങ്കിലും അത് സാക്ഷാത്കരിക്കാൻ പല കടമ്പകളുമുണ്ട്.

പ്രായോഗിക രാഷ്ട്രീയത്തിന്റെ വക്താവായ റജബ് ത്വയ്യിബ് ഉർദുഗാൻ തുർക്കിയുടെ പ്രത്യേക സാഹചര്യത്തിൽ സാധ്യമായത് ചെയ്ത് പരിവർത്തനമുണ്ടാക്കാനാണ് ശ്രമിക്കുന്നത്. കമാലിസം പാടേ വിഴുങ്ങിയ തുർക്കിയെ പടിപടിയായി മോചിപ്പിക്കുന്നതിന്റെ ആദ്യ കാൽവെപ്പുകളായി അദ്ദേഹത്തിന്റെ ശ്രമങ്ങളെ കാണാം. മിതവാദത്തിന്റെ ആട്ടിൻതോലണിഞ്ഞ ഇസ്‌ലാമിസ്റ്റ് ചെന്നായയാണ് എ.കെ പാർട്ടിയെന്ന് തീവ്രമതേതരക്കാർ ആക്ഷേപിക്കുമ്പോൾ ജർമനിയിലെ ക്രിസ്ത്യൻ ഡെമോക്രാറ്റിക് പാർട്ടി പോലുള്ള പാർട്ടിയാണ് എ.കെ പാർട്ടിയെന്നും തങ്ങൾക്ക് ഇസ്‌ലാമിസ്റ്റ് അജണ്ടയില്ലെന്നും ഉർദുഗാൻ പറയുന്നു. മതസ്വാതന്ത്ര്യം അംഗീകരിക്കുന്ന സെക്യുലരിസത്തോട് തന്റെ പാർട്ടിക്കുള്ള പ്രതിബദ്ധത അദ്ദേഹം ഊന്നിപ്പറയുന്നുമുണ്ട്. എല്ലാവരുമായും പരമാവധി സമവായത്തോടെ മുന്നോട്ടുപോകാനാണ് ഉർദുഗാന്റെ ശ്രമമെങ്കിലും നാലു തവണ അട്ടിമറി നടത്തിയ തുർക്കി സൈന്യം ഇനിയും അത് ആവർത്തിക്കില്ലെന്ന് തീർത്തു പറയാൻ കഴിയില്ല.

■